"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - ഇടുക്കി ജില്ലയിലെ നെടിയകാട്, ലിറ്റിൽ ഫ്ലവർ യു.പി.എസ് ലെ അദ്ധ്യാപികയായ ശ്രീമതി. മോളി ജോൺ ഫയൽ ചെയ്ത റിട്ട് ഹർജി നം.1241/2025 മേലുള്ള 03.02.2025-ലെ വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.4690/2025/GEDN തീയതി,തിരുവനന്തപുരം, 16-07-2025

---

പരാമർശം:-

1. ഇടുക്കി ജില്ലയിലെ നെടിയകാട്, ലിറ്റിൽ ഫ്ലവർ യു.പി.എസ് ലെ അദ്ധ്യാപികയായ ശ്രീമതി. മോളി ജോൺ ഫയൽ ചെയ്ത റിട്ട് ഹർജി നം.1241/2025 മേലുള്ള 03.02.2025-ലെ വിധിന്യായം.
2. തൊടുപുഴ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 06.05.2025 ലെ സി/58/2025/എ.ഇ.ഒ നമ്പർ കത്ത്
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 12.05.2025 ലെ എഫ്4/8352/2025/ഡി.ജി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ നെടിയകാട്, ലിറ്റിൽ ഫ്ലവർ യു.പി.എസ് ലെ എൽ.ജി ഹിന്ദി (പി.ടി) അദ്ധ്യാപികയായ ശ്രീമതി. മോളി ജോൺ ഫയൽ ചെയ്ത റിട്ട് ഹർജി നം. 1241/2025 മേലുള്ള പരാമർശം (1) വിധിന്യായത്തിൽ ബഹു. ഹൈക്കോടതി, ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് Ext.P17 റിവിഷൻ ഹർജി പരിഗണിക്കുവാനും, നാല് മാസത്തിനുള്ളിൽ നിയമപ്രകാരം ഉചിതമായ തീരുമാനം കൈകൊള്ളുവാനും നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെയും മാനേജറുടെയും പ്രതിനിധിയെയും ബന്ധപ്പെട്ട മറ്റ് കക്ഷികളെയും 15.05.2025-ന് ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

2) <u>നേരിൽ കേട്ട വേളയിൽ ഹർജിക്കാരി, മാനേജർ എന്നിവർ ചുവടെ ചേർക്കും പ്രകാരം വാദിച്ചു.</u>

i) കോതമംഗലം രൂപത വിദ്യാഭ്യാസ ഏജൻസിയുടെ ഉടമസ്ഥതയിലുള്ളതും തൊടുപുഴയിലെ അസിസ്റ്റന്റ് വിദ്യാഭ്യാസ ഓഫീസറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നതുമായ ഒരു എയഡ് സ്കൂളാണ് നെടിയക്കാട് എൽ.എഫ്. യു.പി. സ്കൂൾ. തൊടുപുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസിന് കീഴിലുള്ള വഴിത്തല സെന്റ് സെബാസ്റ്റ്യൻ ഹൈസ്കൂളിൽ, ശ്രീമതി. മറിയാമ്മ തോമസിന്റെ അവധി ഒഴിവിനെതിരെ മാനേജർ 07.07.2003 FN മുതൽ 04.09.2003 AN വരെയുള്ള കാലയളവിൽ, യു.പി സ്കൂൾ അസിസ്റ്റന്റായി ഹർജിക്കാരിയെ നിയമിച്ചു. 05.10.2004 ലെ B3/5980/04/D.Dis നമ്പർ ഉത്തരവ് പ്രകാരം തൊടുപുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഇത്

അംഗീകരിച്ചു. അപ്രകാരം ഹർജിക്കാരി ചട്ടം 51 എ അവകാശിയായി. തുടർന്ന്, 18.06.2018 മുതൽ 31.03.2019 വരെ അതേ മാനേജ്മെന്റിന്റെ കീഴിലുള്ള നെടിയശാല എസ്.എം യു.പി.എസിൽ സ്ഥലം മാറ്റ ഒഴിവിൽ എൽ.ജി. ഹിന്ദി ടീച്ചറായി (പാർട്ട് ടൈം) നിയമിതയായി . 27.12.2022 ലെ C/25298/2022 നമ്പർ ഉത്തരവ് പ്രകാരം തൊടുപുഴ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഈ നിയമനം ദിവസവേതന അടിസ്ഥാനത്തിൽ അംഗീകരിച്ചു. തുടർന്ന് 06.06.2019 മുതൽ അവരെ ശ്രീ. സാം ജോസഫിന്റെ സ്ഥലംമാറ്റ ഒഴിവിനെതിരെ തോട്ടക്കര എസ്.ജി.യു.പി.എസിൽ എൽ.ജി ഹിന്ദി പണ്ഡിറ്റ് (പി.ടി) ആയി ശമ്പള സ്കെയിലിൽ സ്ഥിരമായി നിയമിച്ചു. മൂവാറ്റുപുഴ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ 06.06.2019 മുതൽ 31.03.2020 വരെ ദിവസവേതന അടിസ്ഥാനത്തിൽ അംഗീകരിച്ചു. കോവിഡ് കാലത്ത് അതേ സ്കൂളിൽ തുടരുകയും ഓൺലൈൻ ക്ലാസുകൾ എടുക്കുകയും ദിവസവേതന അടിസ്ഥാനത്തിൽ ശമ്പളവും ലഭിച്ചു. 06.06.2019 മുതൽ 01.08.2021 വരെ അവിടെ ജോലി ചെയ്തു. പിന്നീട് എച്ച്.എസ്.എ ആയി സ്ഥാനക്കയറ്റം ലഭിച്ച ശ്രീമതി കൊച്ചുറാണി എൻ ജോർജിന്റെ ഒഴിവിൽ 02.08.2021 മുതൽ നെടിയകാട് യു.പി എസിൽ എൽ.ജി. ഹിന്ദി പണ്ഡിറ്റ് (പാർട്ട് ടൈം) ആയി ശമ്പള സ്കെയിലിൽ അപേക്ഷകയെ വീണ്ടും നിയമിച്ചു. 15.02.2024 ലെ നമ്പർ സി/43453/2023 പ്രകാരം തൊടുപുഴ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഈ നിയമനാംഗീകാരം നിരസിച്ചു. തുടർന്ന് 01.06.2023 മുതൽ പ്രാബല്യത്തിൽ വഴിത്തല എസ്.എസ്.എച്ച്.എസ്.എസിൽ എൽ.ജി. ഹിന്ദി പണ്ഡിറ്റ് (ഫുൾ ടൈം) ആയി ഹർജിക്കാരിയെ ശമ്പള സ്കെയിലിൽ നിയമിച്ചു. പിന്നീട്, കോർപ്പറേറ്റ് മാനേജരുടെ 24.06.2024 ലെ ഉത്തരവ് നമ്പർ CEAK/APT-REV/2/24-25 പ്രകാരം എൽ.ജി ഫുൾടൈം ഹിന്ദി ടീച്ചറായുള്ള അവരുടെ സ്ഥാനക്കയറ്റം പിൻവലിക്കുകയും ഹർജിക്കാരിയെ നെടിയകാട് എൽ.എഫ് യു.പി.എസ് ൽ പാർട്ട് ടൈം ടീച്ചറായി ആയി നിയമിച്ചു കൊണ്ട് പുതുക്കിയ ഉത്തരവ് പുറപ്പെടുവിച്ചു. ഹർജിക്കാരി കെ-ടെറ്റ് പരീക്ഷ പാസായിട്ടില്ലെന്ന് പറഞ്ഞുകൊണ്ട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഇതും നിരസിച്ചു. ചുരുക്കത്തിൽ, 18.06.2018 മുതൽ 01.08.2021 വരെ ദിവസ വേതന അടിസ്ഥാനത്തിൽ അംഗീകരിച്ചിട്ടുണ്ട്. ആ സ്കൂളുകൾ മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളാണ്. ഹർജിക്കാരിയുടെ 02.08.2021 മുതൽ 31.03.2025 വരെയുള്ള നിയമനങ്ങൾ ഇനിയും അംഗീകരിച്ചിട്ടില്ല ആ സ്കൂളുകൾ മതിയായ എണ്ണം കുട്ടികളുള്ള സ്കൂളുകളാണ്. കൂടാതെ, 18.06.2018 മുതൽ 01.08.2021 വരെയും വഴിത്തല സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കൻഡറി സ്കൂളിൽ എൽജി ഹിന്ദി പണ്ഡിറ്റ് (ഫുൾ ടൈം) ആയി സ്ഥിരമായി നിയമനം നടത്തിയതും 01.06.2023 മുതൽ 23.06.2024 വരെയും നെടിയക്കാട് എൽഎഫ് യുപി സ്കൂളിൽ എൽ.ജി ഹിന്ദി പണ്ഡിറ്റ് ആയി നിയമനം നടത്തിയതും സ്ഥിരമായി റഗുലർ പോസ്റ്റിൽ ശമ്പള സ്കെയിലിലാണ്. അപേക്ഷകയുടെ നിയമനം അംഗീകരിക്കുന്നതിലെ വിദ്യാഭ്യാസ ഉദ്യോഗസ്ഥരുടെ എതിർപ്പിന്റെ കാതൽ, അവർക്ക് പ്രായപരിധി അതിക്രമിച്ചുവെന്നും കെ ടെറ്റ് പരീക്ഷ പാസായിട്ടില്ല എന്നുമാണ്.

ii) ആദ്യത്തെ എതിർപ്പിനെ സംബന്ധിച്ചിടത്തോളം, 06.02.2021 ലെ G.O (P) No.4/2021/G.Edn ലെ ഖണ്ഡിക 7, 23.01.2023 ലെ G.O.(P) No.2/2023/G.Edn ലെ ഖണ്ഡിക vi മായി കൂട്ടി വായിച്ചതിന്റെ അടിസ്ഥാനത്തിൽ, ഹർജിക്കാരിക്ക് ഉയർന്ന പ്രായപരിധി ഇളവിന് അർഹതയുണ്ടെന്ന് സമർപ്പിക്കുന്നു. ഹർജിക്കാരിക്ക് റൂൾ 51A അവകാശവാദിയുടെ പദവി ലഭിച്ചിട്ടുണ്ടെന്ന് സമർപ്പിക്കുന്നു. അതുപോലെ, 18.06.2018 മുതൽ 01.08.2021 വരെ ജോലി ചെയ്ത സ്കൂളുകൾ മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളാണ് ആയതിനാൽ 20.08.2019 ലെ സർക്കുലർ നമ്പർ j3/80/2014/G.Edn ൽ നിർദ്ദേശിച്ചിരിക്കുന്നതുപോലെ ശമ്പള സ്കെയിലിൽ

അംഗീകാരം ലഭിക്കാൻ അവർക്ക് അർഹതയുണ്ട്. 25.07.2012 ലെ G.O.(P) നമ്പർ 244/12/G.Edn പ്രകാരം സംസ്ഥാനത്ത് കെ-ടെറ്റ് അവതരിപ്പിച്ചതായി സമർപ്പിക്കുന്നു. ആയതിന്റെ ക്ലോസ് 2 പ്രകാരം, ആ GO യുടെ തീയതിയിലെ റൂൾ 51(A), റൂൾ 51(B), അദ്ധ്യായം XIV A KER അനുസരിച്ചുള്ള അവകാശവാദികളെ കെ-ടെറ്റ് നേടുന്നതിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു. NCTE വിജ്ഞാപനത്തിൽ ടെറ്റ് യോഗ്യതയിൽ നിന്ന് ഒഴിവാക്കപ്പെട്ട വ്യക്തികൾ സ്ഥിരമായതോ ദീർഘകാല ഒഴിവുകളിലോ സേവനത്തിൽ പ്രവേശിച്ചിരിക്കണമെന്ന് പരാമർശിച്ചിട്ടില്ല. അതിനാൽ 25.07.2012 തീയതിയിലുള്ള G.O.(P) നമ്പർ 244/12/G.Edn ന്റെ ക്ലോസ് 2 ഹർജിക്കാരിക്ക് ബാധകമാണ്. അതനുസരിച്ച്, ഹർജിക്കാരിയുടെ ആദ്യ നിയമന തീയതി 07.07.2003, അതായത് 2012 ന് മുമ്പ് ആയതിനാൽ, കെ-ടെറ്റിൽ നിന്നും ഒഴിവാക്കപ്പെട്ട വിഭാഗത്തിന്റെ പരിധിയിൽ വരുന്നു. സമാന സ്ഥിതിയിലുള്ള മറ്റ് ചില അധ്യാപകർ 25.06.2024 ന് കെ-ടെറ്റ് പരീക്ഷയിൽ നിന്ന് സ്ഥിരമായ ഇളവ് ലഭിക്കണമെന്ന് അഭ്യർത്ഥിച്ച് സർക്കാരിന് മുന്നിൽ നിവേദനം സമർപ്പിച്ചു. കോർപ്പറേറ്റ് മാനേജർ 26.06.2024 ലെ CEAK/API/REV-RA/24-25 നമ്പർ കത്തിലൂടെ ഇത് സർക്കാരിന് അയച്ചു. ഹർജിക്കാരി 18.06.2018 മുതൽ 01.08.2021 വരെ ജോലി ചെയ്ത സ്കൂളുകൾ മതിയായ എണ്ണം വിദ്യാർത്ഥികളില്ലാത്ത സ്കൂളുകളായിരുന്നു 18.06.2018 മുതൽ 01.08.2021 വരെ ദിവസ വേതനം മാത്രമേ അവർക്ക് നൽകിയിരുന്നുള്ളൂ വാസ്തവത്തിൽ, 20.08.2019 ലെ സർക്കുലർ നമ്പർ.ജെ3/80/2019/G.Edn വഴി നടപ്പിലാക്കിയ സിജി പി. ജോസ് vs. കേരള സംസ്ഥാനം എന്ന കേസിലെ വിധിന്യായപ്രകാരം, ശമ്പള സ്കെയിലിൽ ശമ്പളം ലഭിക്കാൻ അവർക്ക് അർഹതയുണ്ട്. ഹർജിക്കാരിയുടെ 18.06.2018 മുതലുള്ള സ്ഥലം മാറ്റ ഒഴിവും 06.06.2019 മുതൽ നിയമിച്ച എൽ.ജി. ഹിന്ദി പണ്ഡിറ്റിന്റെ (പിടി) ഒഴിവും റഗുലർ പാർട്ട് ടൈം ഒഴിവാണെന്നു കാണാൻ കഴിയും 02.08.2021 മുതലുള്ള നിയമനങ്ങൾക്ക് അംഗീകാരവും ലഭിച്ചിട്ടില്ല അതിനാൽ 06.06.2019 മുതൽ തുടർച്ചയായ നിയമനത്തിന് അവർക്ക് അർഹതയുണ്ട്, കൂടാതെ 20.08.2019 ലെ സർക്കുലർ നമ്പർ ജെ3/80/2019/GEDN ൽ നിർദ്ദേശിച്ചിരിക്കുന്നതുപോലെ അധ്യാപകർക്ക് ലഭ്യമായ എല്ലാ അലവൻസുകളും ലഭിക്കാൻ അവർക്ക് അർഹതയുണ്ട്. ഇതെല്ലാം വ്യക്തമാക്കി. ഹർജിക്കാരൻ 20.11.2024 ൽ സർക്കാരിനെ സമീപിച്ചു അതിനുശേഷം ബഹു കേരള ഹൈക്കോടതിയിൽ റിട്ട് ഹർജി നം. 1241/2025 ചെയ്തു 2012 ന് മുമ്പ് ഹർജിക്കാരിക്ക് ഈ മാനേജ്മെന്റിന് കീഴിൽ അംഗീകൃത സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അതിനാൽ, അവർക്ക് റൂൾ 51 എ അവകാശിയുടെ പദവി ലഭിച്ചു. കൂടാതെ അവർ കെ ടെറ്റ് ഇളവിന് അർഹയുമാണ്. ഹർജിക്കാരന്റെ പുനർനിയമനത്തിന് അംഗീകാരം നിഷേധിക്കുമ്പോൾ വിദ്യാഭ്യാസ ഉദ്യോഗസ്ഥർ ഈ വിഷയത്തിന്റെ പ്രസ്തുത വശങ്ങൾ സൂക്ഷ്മമായി പരിശോധിച്ചില്ല. അതിനാൽ, എക്സിബിറ്റ് പി-7 വളരെ ഏകപക്ഷീയവും അങ്ങേയറ്റം നിയമവിരുദ്ധവുമാണ്. 06.02.2021 തീയതിയിലെ 4/2021/ജി.എഡിൻ ഖണ്ഡിക 7, 23.01.2023 തീയതിയിലെ ജി.ഒ.(പി) നമ്പർ 2/2023/ജി.എഡിൻ ഖണ്ഡിക (vi) എന്നിവയുമായി കൂട്ടിവായിച്ചതനുസരിച്ച്, ഹർജിക്കാരന് ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കാൻ അർഹതയുണ്ടെന്ന് സമർപ്പിക്കുന്നു. ഹർജിക്കാരി റൂൾ 51 എ അവകാശവാദിയാണ് അതിനാൽ, 20.08.2019 ലെ സർക്കുലർ നമ്പർ ജെ3/80/2019/G.Edn-ൽ നിർദ്ദേശിച്ചിരിക്കുന്നതുപോലെ ശമ്പള സ്കെയിലിൽ അംഗീകാരം ലഭിക്കാൻ അവർക്ക് അർഹതയുണ്ട്. 25.07.2012 ലെ G.O.(P) നമ്പർ 244/12/G.Edn പ്രകാരം സംസ്ഥാനത്ത് കെ-ടെറ്റ് അവതരിപ്പിച്ചതായി സമർപ്പിക്കുന്നു ആയതിലെ ക്ലോസ് 2 പ്രകാരം, ഈ G.O തീയതിയിലെ റൂൾ 51(A) ഉം റൂൾ 51(B) അദ്ധ്യായം XIV A KER ഉം പ്രകാരമുള്ള അവകാശവാദികളെ കെ-ടെറ്റ്

നേടുന്നതിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു. ടെറ്റ് യോഗ്യതയിൽ നിന്ന് ഒഴിവാക്കപ്പെട്ട വ്യക്തികൾ പതിവ് ഒഴിവുകളിൽ സേവനമനുഷ്ഠിച്ചിരിക്കണമെന്ന് NCTE വിജ്ഞാപനത്തിൽ പരാമർശിച്ചിട്ടില്ല. അതിനാൽ, 25.07.2012 ലെ GO.(P) നമ്പർ 244/12/G.Edn-ലെ ക്ലോസ് 2 ഹർജിക്കാരിക്ക് ബാധകമാണ്. അതനുസരിച്ച്. ഹർജിക്കാരിയുടെ ആദ്യ നിയമന തീയതി 07.07.2003, 2012 ന് മുമ്പ് ആയതിനാൽ, അവർ കെ-ടെറ്റ് ൽനിന്നും ഒഴിവാക്കപ്പെട്ട ഗ്രൂപ്പിന്റെ പരിധിയിൽ വരുന്നു ഈ വിഷയത്തിന്റെ ഏത് വീക്ഷണകോണിലും, അപേക്ഷകക്ക് മറ്റെല്ലാം ആനുകൂല്യങ്ങൾക്കൊപ്പം ശമ്പള സ്കെയിലിൽ അംഗീകാരവും ലഭിക്കാൻ അർഹതയുണ്ട്.

iii) മേൽ സാഹചര്യത്തിൽ പരിതപിതയായ ഹർജിക്കാരിയുടെ ആവലാതികൾ പരിഹരിക്കാൻ ഹർജിക്കാരി 31.03.2025 ന വിരമിച്ചു കഴിഞ്ഞു എന്നുള്ള വസ്തുത കണക്കിലെടുത്ത് ഇതൊരു പ്രത്യേക കേസായി കണക്കിലെടുത്ത് ബഹു സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള Rule 3, Chapter 1 KER അനുസരിച്ചുള്ള സവിശേഷാധികാരം വിനിയോഗിച്ച് ചുവടെ ചേർക്കുന്ന ആശ്വാസ ഉത്തരവുകൾ ആദരപൂർവം പുറപ്പെടുവിക്കണമെന്നു അപേക്ഷിക്കുന്നു.

- എക്സിബിറ്റ് പി-7 മായി ബന്ധപ്പെട്ട രേഖകൾ ആവശ്യപ്പെടുകയും അതിന്റെ ഒറിജിനൽ റദ്ദാക്കുകയും ചെയ്യുക.

- 18.06.2018 മുതൽ 31.03.2025 വരെ ശമ്പള സ്കെയിലിൽ അംഗീകാരം ലഭിക്കാൻ ഹർജിക്കാരിക്ക് അർഹതയുണ്ടെന്ന് പ്രഖ്യാപിക്കുക.

- 02.08.2021 മുതലുള്ള നിയമനങ്ങൾക്ക് കെ-ടെറ്റ് പാസ്സാകുന്നതിൽ നിന്ന് ഒഴിവാക്കി അംഗീകാരം ലഭിക്കാൻ ആവശ്യമായ ഉത്തരവ് അല്ലെങ്കിൽ നിർദ്ദേശം പുറപ്പെടുവിക്കുക.

3) <u>നേരിൽ കേട്ട വേളയിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് ചെയ്തു.</u>

i) ശ്രീമതി. മോളി ജോൺ, എൽ.ജി. ഹിന്ദി (പി.ടി) തസ്തികയിൽ 02.08.2021 മുതൽ ഒഴിവുള്ളിടത്തോളം വരെ എൽ.എഫ്.യു.പി.എസ് നെടിയകാടിൽ ശ്രീമതി. കൊച്ചുറാണി.എൻ ജോർജിന്റെ പ്രൊമോഷൻ ഒഴിവിൽ മാനേജർ നിയമിച്ചു. നിയമിതയുടെ ജനനത്തീയതി 30.04.1965 ആണ്. 01.01.2021-ൽ ടിയാൾക്ക് 55 വയസ് പൂർത്തിയായിട്ടുണ്ട്. ആയതിനാൽ ടിയാളുടെ നിയമനം നിശ്ചിത പ്രായപരിധിക്കുള്ളിൽ അല്ല. നിയമിതയ്ക്ക് 07.07.2003 മുതൽ 04.09.2003 വരെ അപ്പ്രൂവ്ഡ് ബ്രോക്കൺ സർവ്വീസ് ഉണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സ.ഉ.(സാധാ) നമ്പർ 2891/2021-ൽ കെ.ഇ.ആർ അധ്യായം 14 എ - ചട്ടം 51 Aയ്ക്ക് 17.06.2005 ലെ ജി.ഒ (പി) നം. 187/2005 പ്രകാരം വരുത്തിയ ഭേദഗതി അനുസരിച്ച് കുറഞ്ഞത് ഒരു അദ്ധ്യയനവർഷം ജോലി ചെയ്തവർക്ക് മാത്രമേ 51 എ അവകാശത്തിന് അർഹതയുള്ളൂ എന്ന് നിർദ്ദേശിച്ചിരിക്കുന്നു. ആയതിനാൽ നിയമിതയെ കെ.ഇ.ആർ അധ്യായം 14 എ ചട്ടം 51 എ പ്രകാരമുള്ള അവകാശിയായി കണക്കാക്കി നിയമനം നേടുന്നതിനുള്ള ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കാനാവാത്തതിനാൽ ടി നിയമനം ഉപജില്ലാ വിദ്യാഭ്യാസ ആഫീസിലെ ഉത്തരവ് നമ്പർ സി/43453/2023 തീയതി 15.02.2024 പ്രകാരം നിരസിക്കുകയുണ്ടായി. പിന്നീട് മാനേജർ തൊടുപുഴ ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് അപ്പീൽ സമർപ്പിക്കുകയുണ്ടായി. 23.01.2023-ലെ

സ.ഉ.(പി).2/2023/പൊ.വി.വ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉയർന്ന പ്രായ പരിധിയിൽ ഇളവ് അനുവദിച്ച് നിയമനം അംഗീകരിക്കണമെന്നാണ് മാനേജർ അപ്പീലിൽ ആവശ്യപ്പെട്ടിരുന്നത്. 2005-നു മുൻപ് നിലനിന്നിരുന്ന കെ.ഇ.ആർ. വ്യവസ്ഥ പ്രകാരം 51 എ അവകാശം നേടിയവരെ പിന്നീട് മാനേജർ നിയമനം നൽകുന്ന സമയത്ത് ഉയർന്ന പ്രായപരിധി കഴിഞ്ഞിട്ടുള്ള വിഷയത്തിൽ ഉയർന്ന പ്രായപരിധി നിബന്ധന ബാധകമാക്കാതെ നിയമനാംഗീകാരം നല്കാവുന്നതാണെന്നുള്ള സ.ഉ.(പി) നം. 4/2021/പൊ.വി.വ. തീയതി 06.02.2021 ഉത്തരവിലെ ഖണ്ഡിക (7) പ്രകാരം അനുവദിച്ച ഇളവ് 2019-20 ന ശേഷവും തുടരുന്നതാണ് എന്ന് 23.01.2023 ലെ സ.ഉ. (പി) നം. 2/2023/പൊ.വി.വ പ്രകാരം വ്യക്തമാക്കിയിട്ടുണ്ടെന്നും 07.07.2003 മുതൽ 04.09.2003 വരെ അംഗീകൃത ബ്രോക്കൺ സർവ്വീസുള്ള നിയമിതക്ക് സ.ഉ.(പി) നം. 4/2021/പൊ.വി.വ. തീയതി 06.02.2021, 23.01.2023 ലെ സ.ഉ.(പി)നം. 2/2023/പൊ.വി.വ. ഉത്തരവുകൾ പ്രകാരം അനുവദിച്ചിട്ടുള്ള ടി ഇളവ് ബാധകമാണ് എന്നും തൊടുപുഴ ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ അപ്പീൽ ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി അദ്ധ്യാപിക കെ.ടെറ്റ് യോഗ്യത നേടിയിട്ടില്ലാത്തതിനാൽ ടി അപ്പീൽ, തൊടുപുഴ ജില്ലാ വിദ്യാഭ്യാസ ആഫീസർ ഉത്തരവ് നമ്പർ ബി1/70928/2024 തീയതി 12.02.2025 പ്രകാരം നിരസിച്ചിട്ടുണ്ട്.

ii) ശ്രീമതി മോളി ജോണിനെ കോതമംഗലം കോർപ്പറേറ്റ് മാനേജർ എൽ.ജി ഹിന്ദി (പി.ടി) ആയി നെടിയശാല എസ്.എം.യു.പി.എസ് -ൽ 18.6.2018 മുതൽ 31.3.2019 വരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുകയും ടി നിയമനം ഉപജില്ലാ വിദ്യാഭ്യാസ ആഫീസിലെ ഉത്തരവ് നമ്പർ സി/25298/2022 തീയതി 27.12.2022 പ്രകാരം 18.6.2018 മുതൽ 31.3.2019 വരെ ദിവസവേതനാടിസ്ഥാനത്തിൽ ടിയാൾക്ക് 51 എ അവകാശം ഉണ്ടായിരിക്കുന്നതല്ല എന്ന നിബന്ധനയോടുകൂടി അംഗീകരിച്ച് നല്കിയിട്ടുണ്ട്. പിന്നീട് ടിയാളെ മൂവാറ്റുപുഴ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ കീഴിലുള്ള തോട്ടക്കര എസ്.ജി.യു.പി.എസ് ൽ 06.06.2019 മുതൽ നിയമിക്കുകയും ടി നിയമനം മുവാറ്റുപുഴ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് നമ്പർ സി/25491/2022 തീയതി 31.05.2022 പ്രകാരം 06.06.2019 മുതൽ 31.03.2020 വരെ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. ശ്രീമതി. മോളി ജോണിനെ കോതമംഗലം കോർപ്പറേറ്റ് മാനേജർ എൽ.ജി. ഹിന്ദി (എഫ്.ടി.) ആയി എസ്.എസ്.എച്ച്.എസ് വഴിത്തലയിൽ 01.06.2023 മുതൽ ഒഴിവുള്ളിടത്തോളം വരെ നിയമിക്കുകയും പിന്നീട് ടി നിയമനം റദ്ദ് ചെയ്യുകയും ചെയ്തു. ആയതിനാൽ ടിയാളുടെ ലാവണം എൽ.എഫ്.യു.പി.എസ് നെടിയകാടിൽ 01.06.2023 മുതൽ 23.06.2024 ക്രമീകരിക്കുകയും ചെയ്തു. എന്നാൽ ടിയാളുടെ മുൻനിയമനം അംഗീകരിക്കാത്തതിനാൽ ടി ലാവണക്രമീകരണം ഉപജില്ലാ ആഫീസിൽ നിന്നും അംഗീകരിച്ചിട്ടില്ല.

iii) നിയമിതയ്ക്ക് 07.07.2003 മുതൽ 04.09.2003 വരെ അപ്പ്രൂവ്ഡ് ബ്രോക്കൺ സർവ്വീസ് ഉണ്ട്. 2005-നു മുൻപ് നിലനിന്നിരുന്ന കെ.ഇ.ആർ. വ്യവസ്ഥ പ്രകാരം 60 ദിവസത്തിൽ കൂടുതൽ അപ്പ്രൂവ്ഡ് ബ്രോക്കൺ സർവ്വീസ് ഉള്ളതിന്റെ അടിസ്ഥാനത്തിൽ 51 എ അവകാശം നേടിയവരെ പിന്നീട് മാനേജർ നിയമനം നൽകുന്ന സമയത്ത് ഉയർന്ന പ്രായപരിധി കഴിഞ്ഞിട്ടുള്ള വിഷയത്തിൽ ഉയർന്ന പ്രായപരിധി നിബന്ധന ബാധകമാക്കാതെ നിയമനാംഗീകാരം നല്കാവുന്നതാണെന്നുള്ള സ.ഉ.(പി) നം. 4/2021/പൊ.വി.വ. തീയതി 06.02.2021 ഉത്തരവിലെ ഖണ്ഡിക (7) പ്രകാരം അനുവദിച്ച ഇളവ് 2019-20 ന ശേഷവും തുടരുന്നതാണ് എന്ന് 23.01.2023 ലെ സ.ഉ.(പി)നം. 2/2023/പൊ.വി.വ പ്രകാരം

വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ടി ഇളവ് നിയമനാർത്ഥിക്ക് ബാധകമാണ്. 2019-2020 വർഷം വരെ നിയമിതരായ അധ്യാപകർക്ക് ജി.ഒ(എം.എസ്) നമ്പർ 133/2024/പൊ.വി.വ. തീയതി 05.11.2024 പ്രകാരം മെയ് 2025-ലെ പ്രത്യേക പരീക്ഷയുടെ ഫലപ്രഖ്യാപന തീയതി വരെ ഇളവ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ടി ഇളവിന് 02.08.2021-ൽ എൽ.ജി.ഹിന്ദി (പാർട്ട് ടൈം) ആയി മാനേജർ നിയമിച്ച ശ്രീമതി. മോളി ജോണിന് അർഹതയില്ല.

4) നേരിൽ കേട്ട വേളയിൽ ഉന്നയിച്ച വാദഗതികളുടെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും, നിലവിലുള്ള ചട്ടങ്ങളുടെയും, ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം പരിശോധിച്ചു. ഹർജിക്കാരിക്ക് 07.07.2003 മുതൽ 04.09.2003 വരെ അപ്പ്രൂവ്ഡ് ബ്രോക്കൺ സർവ്വീസ് ഉണ്ട്. 2005 ന് മുൻപുള്ള ഒരു വർഷത്തിന് താഴെയുള്ള സേവനം ചട്ടം 51എ അവകാശം ആയി കണക്കാക്കാൻ നിലവിൽ വ്യവസ്ഥ ഇല്ല. എന്നാൽ അത്തരത്തിലുള്ളവർക്ക് മാനേജർ പുനർ നിയമനം നൽകിയാൽ പ്രായപരിധിയിൽ ഇളവ് അനുവദിക്കാവുന്നതാണ് എന്ന് 06.02.2021 -ലെ സ.ഉ.(അച്ചടി). 4/2021/പൊ.വി.വയിൽ പരാമർശിച്ചിട്ടുണ്ട്. ആയതിനാൽ ടി ഇളവ് ഹർജിക്കാരിക്ക് ബാധകമാണ്. 2019-2020 വർഷം വരെ നിയമിതരായ അധ്യാപകർക്ക് ജി.ഒ(എം.എസ്) നമ്പർ 133/2024/പൊ.വി.വ. തീയതി 05.11.2024 പ്രകാരം മെയ് 2025-ലെ പ്രത്യേക പരീക്ഷയുടെ ഫലപ്രഖ്യാപന തീയതി വരെ ഇളവ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ടി ഇളവിന് 02.08.2021-ൽ എൽ.ജി. ഹിന്ദി (പാർട്ട് ടൈം) ആയി മാനേജർ നിയമിച്ച ശ്രീമതി. മോളി ജോണിന് അർഹതയില്ല. യോഗ്യതയിൽ ഇളവ് നൽകുന്നത് പരിഗണനയിലില്ലാത്തതിനാൽ Ext. P17 റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ച് കൊണ്ടും, അപ്രകാരം പരാമർശം (1) വിധിന്യായം പാലിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASWATHY K
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, തൊട്ടുപുഴ
മാനേജർ, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി, കോതമംഗലം രൂപത, എറണാകുളം - 686691.
ഹെഡ് മാസ്റ്റർ, ലിറ്റിൽ ഫ്ലവർ അപ്പർ പ്രൈമറി സ്കൂൾ, നെടിയകാട്, ഇടുക്കി - 685 586
ശ്രീമതി. മോളി ജോൺ, ലിറ്റിൽ ഫ്ലവർ അപ്പർ പ്രൈമറി സ്കൂൾ, നെടിയകാട്, ഇടുക്കി - 685 586.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം, അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
സെക്ഷൻ ഓഫീസർ
Date: 16-07-2025 16:59:15